**ശ്രദ്ധക്ഷണിക്കൽ**

(1) നാളികേര വിലത്തകർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, വിലത്തകർച്ചമൂലം ഗുരുതര പ്രതിസന്ധിയിലായ കേരകർഷകരെ രക്ഷിക്കണമെന്നാവശ്യപ്പെടുന്നതാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം. കേരളത്തിലെ നാളികേര കർഷകർ ഗുരുതരമായ പ്രതിസന്ധിയിലാണ്. നാളികേരത്തിന്റെയും കൊപ്രയുടെയും വിലത്തകർച്ചമൂലം കേരകർഷകർ, കർഷകത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, കൊപ്ര കച്ചവടക്കാർ തുടങ്ങി എല്ലാവരും പ്രതിസന്ധിയിലായിട്ടുണ്ട്. ഈ വിലത്തകർച്ച 42 ലക്ഷത്തിലേറെ വരുന്ന കേരകർഷകരെ തീരാദുരിതത്തിലാക്കിയിരിക്കുകയാണ്. അന്താരാഷ്ട്ര കരാറുകളും ഈ അടുത്തകാലത്ത് ഇന്ത്യ ഒപ്പുവച്ച ഇൻഡോ-പസഫിക് കരാറും കാരണം അനിയന്ത്രിതമായി നാളികേരവും നാളികേര ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നതാണ് നമ്മുടെ നാളികേരത്തിന്റെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നത്. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചു. ഗ്രാമീണ ജനങ്ങളുടെ നിത്യജീവിതം ദുരിതപൂർണ്ണമാക്കി. കൊപ്ര സംഭരിക്കാനുള്ള കേന്ദ്ര ഏജൻസിയാണ് നാഫെഡ് (NAFED). അവരുടെ

നിഷേധാത്മകമായ നിലപാട് സംഭരണം അട്ടിമറിച്ചു. കർഷകവിരുദ്ധമായ നിലപാടാണ് കേന്ദ്ര ഏജൻസിയായ നാഫെഡ് എടുത്തത്. എണ്ണ ഉൽപ്പാദക സംഘങ്ങളോ കമ്പനികളോ നാളികേരം സംഭരിക്കാൻ പാടില്ലെന്ന നിബന്ധന നബാർഡ് കൊണ്ടുവന്നതുകൊണ്ട് കേരഫെഡിന് സംഭരിക്കാനുള്ള അനുവാദമില്ലാതായി. മികച്ച നിലയിൽ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന ധാരാളം സഹകരണ സംഘങ്ങളുണ്ട്. അവർക്കും സംഭരിക്കാൻ അവകാശമില്ല. ഈ നിലപാടുമൂലമാണ് നാഫെഡ് കൊപ്ര സംഭരണത്തെ അട്ടിമറിച്ചത്. പൊതുമാർക്കറ്റിൽ 28 രൂപ വിലയുണ്ടായിരുന്ന നാളികേരത്തിന് സംസ്ഥാന സർക്കാർ 32 രൂപ വില നിശ്ചയിച്ച് സംഭരിക്കാൻ തീരുമാനിച്ചു. എന്നാൽ അഞ്ച് സംഘങ്ങൾ മാത്രമാണ് സംഭരണം ഏറ്റെടുത്തത്. ഒരു വർഷത്തിൽ ഒരു തെങ്ങിൽനിന്ന് 50 നാളികേരം മാത്രമെ സംഭരിക്കൂ എന്നനിബന്ധന, സംസ്ഥാനത്ത് നാളികേരം സംഭരിക്കുമ്പോൾ ഏർപ്പെടുത്തുകയുണ്ടായി. അതൊഴിവാക്കുകയും ഉൽപ്പാദിപ്പിക്കുന്ന എല്ലാ നാളികേരവും സംഭരിക്കുമെന്ന നിലപാടെടുക്കണമെന്നുമാണ് അതുസംബന്ധിച്ച് പറയാനുള്ളത്. പൊതുമാർക്കറ്റിൽ 28 രൂപയുണ്ടായിരുന്ന നാളികേരത്തിന് 32 രൂപയാക്കിയ

സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്. ക്വിന്റലിന് 9200 രൂപ വിലയുണ്ടായിരുന്ന മിൽ കൊപ്രയ്ക്ക് 8700 രൂപയായി വില കുറഞ്ഞു. ഉണ്ട കൊപ്രയ്ക്ക് 16200 രൂപയിൽനിന്ന് 14100 രൂപയായി കുറഞ്ഞു. കൊട്ടത്തേങ്ങയ്ക്ക് 9750 രൂപയുണ്ടായിരുന്നത് 9000 രൂപയായി കുറഞ്ഞു. അപ്പോൾ എല്ലാ രംഗത്തും വില കുറഞ്ഞുവരികയാണ് ചെയ്തത്. ഉദാരവൽക്കരണത്തിന്റെ ഫലമായി തകർന്നുപോയ കാർഷിക സമ്പദ്‌വ്യവസ്ഥമൂലം ദുരിതമനുഭവിക്കുന്ന നമ്മുടെ നാട്ടിലെ കർഷകരുടെ എല്ലാ പ്രതീക്ഷയും ഇതോടുകൂടി ഇല്ലാതായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വൻതോതിൽ മൂലധനനിക്ഷേപം നടത്തിയാൽമാത്രമേ കേരകർഷകരെ രക്ഷിക്കാൻ കഴിയൂ. നാളികേരത്തിന്റെ വിവിധങ്ങളായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലിറക്കണം. ഇതിനായി നാളികേര വികസന ബോർഡിന്റെ സഹായത്തോടെ എണ്ണായിരത്തോളം സൊസൈറ്റികളും അമ്പതിലേറെ ഫെഡറേഷനുകളും 29 കമ്പനികളും രൂപീകരിക്കുകയുണ്ടായി. എന്നാൽ നാളികേര വികസന ബോർഡിന്റെ സാമ്പത്തിക-സാങ്കേതിക സഹായം ലഭിക്കാതെ ഈ സംവിധാനമാകെ താറുമാറാകുകയും ചെയ്തു. കേരളത്തിന്റെ ഉല്പന്നമാണ് നാളികേരം.

ലക്ഷക്കണക്കായ നാളികേര കർഷകരെ വിലത്തകർച്ച സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടുത്തണം. സർക്കാർ നിശ്ചയിച്ച 32 രൂപയ്ക്ക് കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന മുഴുവൻ നാളികേരവും സംഭരിക്കാൻ എല്ലാ പഞ്ചായത്തുകളിലും സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കണമെന്ന് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നു.

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഈ പ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയം വളരെ ഗൗരവമർഹിക്കുന്ന ഒന്നാണ്. അദ്ദേഹം പറഞ്ഞ വിഷയങ്ങളെല്ലാം തന്നെയാണ് കേരളത്തിലെ നാളികേര സംഭരണത്തിന് ഏറെ തടസ്സമുണ്ടാക്കുന്ന അവസ്ഥ വന്നുപെട്ടത്. ആഗോള-വാണിജ്യ കരാറുകളുടെ ചരിത്രം പരിശോധിച്ചാൽ, അവയിൽ പലതും രാജ്യത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നവയല്ലായെന്നുള്ളത് ഒരു വസ്തുതയാണ്. 2022 മേയ്മാസത്തിൽ ജപ്പാനിൽ അമേരിക്കയുടെ നേതൃത്വത്തിൽ ഇൻഡ്യ, ഇൻഡോനേഷ്യ, മലേഷ്യ, വിയറ്റ്നാം തുടങ്ങി 13 രാജ്യങ്ങളുമായുണ്ടാക്കിയ 'ഇൻഡോ-പസഫിക് ഇക്കണോമിക് ഫ്രെയിംവർക്ക്' ഉടമ്പടിയിൽ കൃഷി

ഒരു പ്രധാന ഘടകമായിരുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരമുൾപ്പെടെയുള്ള പല പ്രധാന വിളകളും വലിയരീതിയിൽ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ ഈ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഉടമ്പടിപ്രകാരമുള്ള വിളകളുടെ ഇറക്കുമതി വരുംവർഷങ്ങളിൽ ഇൻഡ്യയിൽ വ്യാപകമാകാൻ സാധ്യതയുമുണ്ട്. പ്രത്യേകിച്ച് വലിയതോതിൽ നാളികേരം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളായ ഇൻഡോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിൽനിന്നും കുറഞ്ഞവിലയ്ക്ക് കൊപ്ര ഇറക്കുമതി ചെയ്യേണ്ടതായിവരും. കേരളത്തിലെ കൊപ്രയുടെ വിലയിടിവിന് ഇതൊരു കാരണമായി മാറാൻ സാധ്യതയുണ്ട്. കൂടാതെ, പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചത് വെളിച്ചെണ്ണയുടെ ഉപയോഗത്തിൽ കുറവുവരാനും അതുവഴി നാളികേരത്തിന്റെയും കൊപ്രയുടെയും വിലയിടിവിനും കാരണമായി. വർഷങ്ങൾക്കുശേഷം, കഴിഞ്ഞ ഫെബ്രുവരിയിലാണ് കേന്ദ്ര ഏജൻസിയായ നാഫെഡ് കൊപ്ര സംഭരണത്തിന് തയ്യാറായത്. അതുപ്രകാരം 09-02-2022-ലെ സർക്കാർ ഉത്തരവ് 08/2022/അഗ്രി. പ്രകാരം മാർക്കറ്റ് ഫെഡ്, കേര ഫെഡ് എന്നിവയെ കൊപ്ര സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു. പ്രസ്തുത

ഉത്തരവുപ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേരഫെഡും മാർക്കറ്റ് ഫെഡും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന കിലോയ്ക്ക് 105.90 രൂപ നിരക്കിൽ കേരളത്തിൽ നാളികേര കർഷകരിൽനിന്നും കൊപ്ര സംഭരണം ആരംഭിച്ചിരുന്നു. എന്നാൽ കർഷകരിൽനിന്നും കൊപ്ര, പച്ചത്തേങ്ങ എന്നിവ നേരിട്ട് സംഭരിക്കുന്ന കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവ ഉൾപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾ സംഭരണ കാലയളവിൽ മറ്റൊരുതരത്തിൽ കൊപ്രയോ പച്ചത്തേങ്ങയോ സ്വന്തം ആവശ്യത്തിന് സംഭരിക്കാൻ പാടുള്ളതല്ലായെന്ന വ്യവസ്ഥ നാഫെഡ് നിഷ്കർഷിക്കുകയുണ്ടായി. ഇത് കേരഫെഡ് ഉൾപ്പെടെയുള്ള ചില സഹകരണ സ്ഥാപനങ്ങൾക്ക് കൊപ്ര സംഭരിക്കാൻ തടസ്സം സൃഷ്ടിക്കുകയും ചെയ്തു. നാഫെഡിന്റെ പ്രസ്തുത വ്യവസ്ഥയിൽ കേരളത്തിന് ഇളവ് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ നിരവധിതവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അംഗീകരിച്ചില്ല. ഈ സാഹചര്യത്തിലാണ് കേരഫെഡ് സ്റ്റേറ്റ് ലെവൽ ഏജൻസിയായി നിശ്ചയിക്കപ്പെട്ട സംഘങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡിന്റെ നേതൃത്വത്തിൽ

കൊപ്രസംഭരണം നടത്തിയത്. എന്നാൽ നടപടിക്രമങ്ങളിലെ സ്വാഭാവികമായ കാലതാമസംകാരണം കേന്ദ്രസർക്കാർ നിശ്ചയിച്ച കാലയളവിനുള്ളിൽ കാര്യമായ കൊപ്രസംഭരണം നടത്തുവാൻ കഴിഞ്ഞില്ല. കാലാവസ്ഥാ വ്യതിയാനം, ഉയർന്ന ഉല്പാദനച്ചെലവ് എന്നിവകാരണം കൊപ്ര ഉല്പാദനം കുറഞ്ഞതും സംഭരണത്തിനെ ദോഷകരമായി ബാധിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ ഈ നിലപാട് കേരകർഷകരെ സാരമായി ബാധിക്കുമെന്നതിനാൽ സംസ്ഥാനസർക്കാർ പച്ചത്തേങ്ങ സംഭരണം വിപുലമാക്കാൻ തീരുമാനിച്ചു. അതിലേയ്ക്കായി കേരഫെഡ്, വി.എഫ്.പി.സി.കെ., പ്രാഥമിക സഹകരണ സംഘങ്ങൾ, കർഷക ഉല്പാദക സംഘങ്ങൾ, കാർഷിക കർമ്മസേന എന്നിവരുടെ നേതൃത്വത്തിൽ 57 സംഭരണ കേന്ദ്രങ്ങൾവഴി വിപുലമായി പച്ചത്തേങ്ങ സംഭരണം ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണത്തിൽ കർഷകന് കിലോയ്ക്ക് 32 രൂപ ലഭിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ കൊപ്ര സംഭരണത്തിൽ കർഷകന് ആനുപാതികമായി ലഭിക്കുന്ന പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 28.60 രൂപ മാത്രമാണ്. നിലവിൽ 5384 കർഷകരിൽനിന്നും 1988 മെട്രിക് ടൺ പച്ചത്തേങ്ങ

സംഭരിക്കുകയും 5,78,18,513/- രൂപ നാളികേരത്തിന്റെ വിലയായി കർഷകർക്ക് അക്കൗണ്ടിൽ നൽകുകയുമുണ്ടായി. കേന്ദ്രസർക്കാരിന്റെ കൊപ്ര സംഭരണത്തിൽ 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും 116.4 മെട്രിക് ടൺ കൊപ്ര മാത്രമേ സംഭരിക്കാൻ കഴിഞ്ഞുള്ളൂ. കൊപ്ര സംഭരണം ആഗസ്റ്റ് 1-ന് അവസാനിച്ചു. സംഭരണ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി നീട്ടണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം നാളിതുവരെ കേന്ദ്രം പരിഗണിച്ചിട്ടില്ല. പച്ചത്തേങ്ങയുടെ വില കുറവായി വരുന്ന സാഹചര്യത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമാക്കുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, സർക്കാർ നിശ്ചയിച്ച 32 രൂപയ്ക്ക് പച്ചത്തേങ്ങ സംഭരിക്കാൻ കേരളത്തിലെ എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെയും സേവനം ലഭ്യമാക്കാൻവേണ്ടി സഹകരണ വകുപ്പുമായി കൃഷിവകുപ്പ് ആലോചിച്ച് ഒരു പഞ്ചായത്തിൽ ഒരു കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, സഹകരണ സംഘങ്ങളുമായും

സഹകരണ വകുപ്പുമായും ഈ വിഷയത്തെക്കുറിച്ച് ചർച്ച നടത്തുകയും പരമാവധി സഹകരണ സംഘങ്ങൾ ഇതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കൊപ്ര സംഭരണം അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് മൂന്നുമാസത്തേയ്ക്കുകൂടി സംഭരണം നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകുന്നമുറയ്ക്ക് അടിസ്ഥാനസൗകര്യമുള്ള സഹകരണസ്ഥാപനങ്ങളെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ബഹുമാനപ്പെട്ട അംഗം പറഞ്ഞ രൂപത്തിലുള്ള സംഭരണത്തിനുവേണ്ടി മുന്നോട്ടുപോകുന്നതാണ്.

(2) <u>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആലപ്പുഴ ജില്ലയിലെ ജനങ്ങൾ ആശ്രയിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സ്ഥിതി അതീവ ഗുരുതരമായ അവസ്ഥയിലേയ്ക്ക് മാറുകയാണ്. അവിടെ ഒരു സൂപ്രണ്ട് ഇല്ലാതായിട്ട് എത്ര നാളായി? ഇപ്പോൾ നിലവിലുള്ള താൽക്കാലിക സൂപ്രണ്ട്, എനിക്ക് ഈ പദവി വേണ്ടായെന്ന് എഴുതിക്കൊടുത്തിരിക്കുകയാണ്. അവിടെ ആരും സൂപ്രണ്ടായി ഇരിക്കാൻ

തയ്യാറല്ല. പതിനായിരക്കണക്കിന് രോഗികളാണ് ഓരോദിവസവും വന്നുപോകുന്നത്. സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ആ ജില്ലയിലെ ഏക മെഡിക്കൽ കോളേജാണിത്. മറ്റ് ജില്ലകളിലെല്ലാം രണ്ടുംമൂന്നും മെഡിക്കൽ കോളേജുകളും സ്വകാര്യ മെഡിക്കൽ കോളേജുകളുമുള്ളപ്പോൾ ആലപ്പുഴ ജില്ലയിലുള്ള ഏക മെഡിക്കൽ കോളേജാണിത്. രൂക്ഷമായ മരുന്നുക്ഷാമം, കാരുണ്യയിൽപ്പോലും മരുന്ന് ലഭിക്കാത്ത അവസ്ഥ, ഹൃദയ-വൃക്ക-ശ്വാസകോശ രോഗികൾക്ക് തുടർച്ചയായി കഴിക്കുന്ന മരുന്നുകൾ ഡോക്ടർമാർ പുറത്തേയ്ക്ക് എഴുതിക്കൊടുക്കുന്ന അവസ്ഥ, RSBY പദ്ധതിപ്രകാരം ഡിസ്ചാർജ് ചെയ്യുന്ന രോഗികൾക്ക് മരുന്നോ മറ്റ് സഹായങ്ങളോ ലഭ്യമല്ല. നിർധന രോഗികളെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധി ഇതുമൂലമുണ്ടാവുകയാണ്. വിദഗ്ദ്ധ ചികിത്സയ്ക്കാവശ്യമായ യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലായെന്നുള്ളതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം തുടങ്ങുന്നതിന്റെ നടപടികൾ പാതിവഴിയിലാണ്. ആശുപത്രിയിലെ ഒബ്സർവേഷൻ വിഭാഗത്തിൽ കിടക്കകളില്ല. ഒന്നിലധികം രോഗികളെ ഒരുമിച്ച് ഒരു കിടക്കയിൽ കിടത്തേണ്ട സാഹചര്യമാണ് പലയിടത്തുമുള്ളത്.

14, 15, 16 വാർഡുകളിൽ രോഗികൾ തറയിലാണ് കിടക്കുന്നത്. മോർച്ചറിയിൽ സോളാർ സംവിധാനം നിലച്ചിട്ട് രണ്ടുവർഷമായി; അത് നോക്കാൻപോലും ആളില്ല. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും അഭാവം ഗുരുതരമായി നിൽക്കുന്നു. കാർഡിയോളജി ഫോറൻസിക് മെഡിസിൻ പ്രൊഫസർമാരില്ല; ആരും അവിടെ വരാറുമില്ല. ഗ്യാസ്ട്രോ എൻറോളജി വിഭാഗത്തിൽ ഡോക്ടർമാരുടെ ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ഡോക്ടർ ഹെൽത്ത് സർവ്വീസിൽനിന്ന് ഡെപ്യൂട്ടേഷനിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കൂടുതൽ തസ്തികകളും ജീവനക്കാരെയും അനുവദിക്കാനുള്ള നിവേദനങ്ങൾ നൽകി എല്ലാവരും മടുത്തിരിക്കുകയാണ്. കൂടാതെ, സ്കാനിംഗ് ഉൾപ്പെടെ റേഡിയോളജി വിഭാഗം പേരിനുമാത്രമാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ സ്കാനിംഗ് സ്ഥാപനങ്ങൾക്ക് അവിടെ ചാകരയാണ്. പുറത്തുനിന്നാണ് എല്ലാ സ്കാനിംഗും നടത്തിക്കൊണ്ടിരിക്കുന്നത്. മിക്ക പരിശോധനകളും RSBY പദ്ധതി ചൂഷണം ചെയ്തുകൊണ്ടുള്ള സി.പി.ഐ.(എം) നിയന്ത്രണത്തിലുള്ള സ്വകാര്യ ലാബിലാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടത്തെ മെഷീൻ കേടാകുന്നത് അവർക്ക് സന്തോഷമുള്ള കാര്യമാണ്. ട്രോമാ കെയർ വിഭാഗത്തിലെ

അവസ്ഥയും വളരെ മോശമാണ്. അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയ്ക്കുവരുന്ന ആളുകളെ ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ്. എന്റെ മണ്ഡലത്തിൽപ്പെട്ട ആളുകളോട് ഞാൻ കോട്ടയം മെഡിക്കൽ കോളേജിൽ പോകാനേ പറയുകയുള്ളൂ; ആലപ്പുഴ മെഡിക്കൽ കോളേജിൽ പോകാൻ ഞാൻ പറയില്ല. ആരെയെങ്കിലും നമ്മൾ അയച്ചാൽ അയാൾ തിരിച്ചുവരുന്നത് ആംബുലൻസിൽ ശവമടക്കിനുവേണ്ടി കൊണ്ടുവരുന്ന അവസ്ഥയിലാണ്. വൻതുക മുടക്കി സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കാൻ കഴിയാത്ത വളരെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ അടങ്ങുന്ന ഒരു ജില്ലയാണ് ഞങ്ങളുടേത്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ ഗതികേട് നമുക്ക് വേറെ ഒരിടത്തും കാണാൻ സാധിക്കുകയില്ല. വൃത്തിഹീനമായ അന്തരീക്ഷമാണ് അവിടെയുള്ളത്. ആളുകളെ നിയമിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. പക്ഷെ ആ ആശുപത്രിയിൽ പോയി നോക്കിയാലറിയാം. ആലപ്പുഴ ജില്ലയിലെ ഒൻപത് എം.എൽ.എ.-മാരെയും വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട മന്ത്രി അവിടെയൊന്ന് സന്ദർശിക്കണമെന്നാണ്

എന്റെ അഭിപ്രായം. ശ്രീ. സജി ചെറിയാൻ മന്ത്രിയല്ലെങ്കിലും ഇവിടെയുണ്ടല്ലോ; ആ ആശുപത്രിയുടെ സ്ഥിതിഗതികൾ നോക്കണം. ഇതുപോലെ വൃത്തിഹീനമായൊരു മെഡിക്കൽ കോളേജ് ഉണ്ടോയെന്ന് നമ്മൾ ആലോചിക്കണം. അവിടെ വരുന്ന രോഗികൾ മറ്റ് രോഗങ്ങളുമായി തിരിച്ചുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഉപയോഗശൂന്യമായ മെഡിക്കൽ വേസ്റ്റുകൾ അവിടെനിന്നും ആരും കൊണ്ടുപോകുന്നില്ല, അവിടെ കെട്ടിക്കിടക്കുകയാണ്. അതിലൂടെയാളുകൾക്ക് രോഗമുണ്ടാകുന്നുവെന്നും ആർ.എസ്.ബി.വൈ. കൗണ്ടറുകൾ രോഗീസൗഹൃദമല്ലെന്നുമുള്ള പരാതികൾ നിലനിൽക്കുകയാണ്. രാവിലെ 10.00 മണിക്ക് ഡിസ്ചാർജ് ചെയ്യുന്നവർക്കുപോലും ഇൻഷ്വറൻസ് കാർഡ് പതിപ്പിക്കാൻ വൈകുന്നേരം വരെ കാത്തിരിക്കേണ്ട അവസ്ഥയാണ് അവിടെയുള്ളത്. ആശുപത്രി സൂപ്രണ്ട് രണ്ടുതവണ രാജിവച്ചു. അവിടെ ജോലി ചെയ്യാൻ ആരും തയ്യാറല്ല. രോഗികളെ ഒരുവിധത്തിലും ചികിത്സിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, ഹരിപ്പാട് മേഖലകളിലുള്ളവരെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കാണ് വിടുന്നത്. ആരോഗ്യ പ്രവർത്തനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെന്നാണ് നമ്മളെല്ലാവരും

അഭിമാനിക്കുന്നത്. ഒരു മെഡിക്കൽ കോളേജിന്റെ സ്ഥിതിയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. പൊതുജനങ്ങൾക്കിടയിൽ അതിശക്തമായ അഭിപ്രായവ്യത്യാസം നിലനിൽക്കുകയാണ്. അവിടെ സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിച്ച് ഇത്തരം പ്രശ്നങ്ങളിൽ ഇടപെടണം. ഞാൻ ഹരിപ്പാട് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ശ്രമം നടത്തിയതാണ്. നാടിനുവേണ്ടി ഒരു മെഡിക്കൽ കോളേജ് കൊണ്ടുവരാൻ ശ്രമിച്ചതിന്റെ പേരിൽ വിജിലൻസ് കേസ് നേരിടുന്ന ഒരാളാണ് ഞാൻ. എല്ലാ ജില്ലകളിലും രണ്ടുംമൂന്നും സ്വകാര്യ മെഡിക്കൽ കോളേജുകളുള്ള സ്ഥാനത്ത് ആലപ്പുഴ ജില്ലയിൽ ആകെ ഒരു മെഡിക്കൽ കോളേജ് മാത്രമാണുള്ളത്. രോഗികൾ എറണാകുളം മെഡിക്കൽ കോളേജിലേയ്ക്കോ സ്വകാര്യ ആശുപത്രിയിലേയ്ക്കോ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കോ പോകണം. സാധാരണ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും ഒരു സൗകര്യവും ലഭിക്കാത്ത ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ഈ ഗുരുതരമായ അവസ്ഥ മാറ്റിയെടുക്കാൻ അടിയന്തരമായി ശ്രമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തുകൊണ്ടും ഇടപെടൽ നടത്തിക്കൊണ്ടുമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ഈ പതിനഞ്ച് മാസക്കാലയളവിനിടയിൽ മൂന്നുതവണ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഞാൻതന്നെ നേരിട്ടെത്തി അവലോകന പ്രവർത്തനങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്, അവലോകനം നടത്തിയിട്ടുണ്ട്. അന്ന് ബഹുമാനപ്പെട്ട എം.എൽ.എ., എച്ച്. സലാം, അഡീഷണൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും എന്റെയൊപ്പമുണ്ടായിരുന്നു. അതിനുമുമ്പും അതിനുശേഷവും ഓൺലൈൻ വഴിയും നിരവധി യോഗങ്ങൾ വിളിച്ചുചേർത്ത് പ്രവർത്തന പുരോഗതി ഉറപ്പാക്കിയിട്ടുണ്ട്, ഉറപ്പാക്കുന്നുമുണ്ട്. ഇക്കാലയളവിലാണ് ആലപ്പുഴ മെഡിക്കൽ കോളേജ് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടത്. കോവിഡ് കാലത്ത് ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയ മെഡിക്കൽ കോളേജിനുള്ള അംഗീകാരം ലഭിച്ച ഒരു മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. ഏറ്റവും അധികം സൗജന്യ ചികിത്സ കോവിഡ് കാലത്ത് നൽകിയ

സംസ്ഥാനത്തിനുള്ള പുരസ്കാരം 2021-ൽ ലഭിച്ചത് കേരളത്തിനാണ്. കഴിഞ്ഞ നാല് വർഷങ്ങൾക്കിടയിൽ 2022-ൽ ഏറ്റവുമധികം ഉയർന്ന രോഗീവർദ്ധനയാണുണ്ടായിരിക്കുന്നത്. ഒ.പി.-യും ഐ.പി.-യും വലിയ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. സർജറികളുടെയും മറ്റു പ്രൊസീജ്യറുകളുടെയും കാര്യത്തിലും ഈ വർദ്ധന ഈ വർഷമുണ്ടെന്നുള്ളത് പ്രത്യേകം കാണേണ്ടതാണ്.

ആശുപത്രിയിൽ രോഗീസൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നതിനായി അനുവദിച്ച പദ്ധതിയിലുൾപ്പെടുത്തി ഈ സർക്കാരിന്റെ ആദ്യവർഷം 50 ലക്ഷം രൂപ ചെലവിൽ 923 കിടക്കകൾ ഓക്സിജൻ കിടക്കകളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. 93 ഓക്സിജൻ കിടക്കകൾ മാത്രമാണ് നേരത്തെയുണ്ടായിരുന്നത്. അവിടെയാണ് ഇപ്പോൾ 923 ഓക്സിജൻ കിടക്കകളുള്ളത്. ഇതുകൂടാതെ രോഗീസൗഹൃദ പദ്ധതിയുടെ ഭാഗമായി 28 ലക്ഷം രൂപ ചെലവിൽ പേഷ്യന്റ് ഷിഫ്റ്റിംഗ് ട്രോളികളും ഇൻഫർമേഷൻ ഡിസ്പ്ലേ ബോർഡുകളും ടെലിവിഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒരു

വർഷക്കാലയളവിനുള്ളിൽ യൂറോളജി വിഭാഗത്തിൽ 90 ലക്ഷം രൂപ വിലയുള്ള ലാപ്രോസ്കോപ്പിക് ക്യാമറയും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആദ്യമായാണ് ഇത്തരത്തിലൊരു ഉപകരണം താക്കോൽ ദ്വാര ശസ്ത്രക്രിയയ്ക്കായി ലഭ്യമാക്കിയത്. കാർഡിയോ തൊറാസിക് വിഭാഗത്തിനായി കൃത്യമായ രോഗനിർണ്ണയവും അതുവഴി മികച്ച ചികിത്സയും ലഭ്യമാക്കുന്നതിന് 72,38,000/- രൂപ മുതൽമുടക്കി 3D, 4D എക്കോ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി 31.44 ലക്ഷം രൂപ മുതൽമുടക്കി video gastrostom, colonoscope with video processor/light source-ഉം സ്ഥാപിച്ചിട്ടുണ്ട്. കോവിഡിന്റെ മൂന്ന് തരംഗത്തിനുംശേഷമുള്ള കാലഘട്ടത്തിലും അടിസ്ഥാന സൗകര്യ വികസനങ്ങളിലുള്ള വർദ്ധനകാരണമാണ് രോഗികളുടെ എണ്ണത്തിൽ ഒ.പി.-യിലും ഐ.പി.-യിലും വർദ്ധനവുണ്ടായിട്ടുള്ളതെന്നത് നാം കാണേണ്ടതാണ്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ കോവിഡ് കാലത്ത് ആലപ്പുഴ ജില്ലയിലെ ഏക തീവ്ര പരിചരണ വിഭാഗമുള്ള കോവിഡ് ആശുപത്രിയായിരുന്ന ഈ ആശുപത്രി. ധാരാളം രോഗികൾ പ്രത്യേകിച്ച്

രണ്ടാം തരംഗത്തിലും മൂന്നാം തരംഗത്തിലും ഇവിടെ ചികിത്സ തേടിയിട്ടുണ്ട്. രോഗികളുടെ എണ്ണത്തിലെ വർദ്ധന മരുന്നുകളുടെ വർദ്ധിച്ച ഉപഭോഗത്തിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം മെഡിക്കൽ കോളേജിന്റെ ഇൻഡെന്റ് പ്രകാരം നൽകേണ്ട മുഴുവൻ മരുന്നുകളും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ഇൻഡെന്റിന്റെ 40 ശതമാനം ഇതിനോടകം വിതരണം ചെയ്തുവെന്നാണ് കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയിരിക്കുന്ന വിവരം. മരുന്നിന്റെ ഉപഭോഗത്തിലുള്ള വ്യത്യാസവും കൂടുതൽ ഉപഭോഗവുംമൂലം മറ്റുകാര്യങ്ങളും കണക്കിലെടുത്ത് ഏപ്രിൽ-മേയ് മാസങ്ങളിൽത്തന്നെ കെ.എം.എസ്.സി.എൽ.-ന്റെ യോഗങ്ങൾ വിളിച്ചുചേർക്കുകയും ചില മരുന്നുകൾക്കുണ്ടായേക്കാവുന്ന ലഭ്യതക്കുറവ് പരിഹരിക്കാൻ വാർറൂം അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തണമെന്നുള്ള നിർദ്ദേശം കെ.എം.എസ്.സി.എൽ.-ന് നൽകുകയും ചെയ്തിരുന്നു. രോഗികൾക്ക് ബുദ്ധിമുണ്ടാകാത്തതരത്തിൽ മുൻപ് തുടർന്നുവന്ന വിധത്തിൽ വിവിധ സ്കീമുകളിൽപ്പെടുത്തി മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സ്കാനിംഗ് സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ എം.ആർ.ഐ. സ്കാൻ, മാമോഗ്രാഫി, അൾട്രാ സൗണ്ട് സ്കാൻ, സി.ടി. സ്കാൻ, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയവ പ്രവർത്തിച്ചുവരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഡി.എസ്.എ. മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇവിടെ എക്സ്റേ, സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, എമർജൻസി അൾട്രാ സൗണ്ട് സ്കാൻ എന്നിവ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. എക്സ്റേ വിഭാഗത്തിൽ ഒരു ദിവസം 515-ഓളം പരിശോധനകളും 90-ഓളം സി.ടി. സ്കാനും 100-ഓളം അൾട്രാ സൗണ്ട് സ്കാനും ദിവസേന ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ ദിവസവും 20 മുതൽ 25 കേസുകൾ വരെ എം.ആർ.ഐ. സ്കാൻ വഴി രോഗനിർണ്ണയം നടത്തിവരുന്നുണ്ട്. ഒരിക്കൽ ഞാൻ ആലപ്പുഴ മെഡിക്കൽ കോളേജ് സന്ദർശിച്ചപ്പോൾ സ്കാനിംഗിന് ഉയർന്ന നിരക്കാണ് കൊടുക്കേണ്ടി വരുന്നതെന്നുള്ള പരാതി രോഗികളിൽനിന്നും ലഭിക്കുകയുണ്ടായി. മറ്റ് മെഡിക്കൽ കോളേജുകളുമായി താരതമ്യം

ചെയ്തുകൊണ്ട് സ്റ്റാന്റേർഡൈഡസ് ചെയ്യാൻ നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്റ്റാനിംഗിന്റെ ഉൾപ്പെടെ നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ടെന്നുള്ളതുകൂടി ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ നിലവിലെ അനുവദനീയമായ അദ്ധ്യാപക തസ്തികയിലും അധികരിച്ച് മൂന്ന് സീനിയർ റെസിഡന്റുമാരെ നിയമിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. സൂപ്രണ്ടിനെ സംബന്ധിച്ച് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചു. അവിടെ സ്ഥിരം സൂപ്രണ്ടുണ്ട്. ഡോ. സജീവ് ജോർജ്ജാണ് അവിടത്തെ സൂപ്രണ്ട്. ആലപ്പുഴ ജില്ലയിൽ കോവിഡ് രോഗ തീവ്ര ചികിത്സ നൽകുന്ന ഏക ആശുപത്രി എന്ന നിലയിലും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്തും നിലവിലെ അനുവദനീയമായ തസ്തികയ്ക്കുപുറമേ അധികമായി 120 സ്റ്റാഫ് നേഴ്സടക്കം 214 പാരാ മെഡിക്കൽ ജീവനക്കാരെ വിവിധ സ്കീമുകൾവഴി നിയമിച്ച് സേവനം നൽകിവരുന്നുണ്ട്.

ദിവസേന മൂവായിരത്തിലധികം വരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരുമായി ഏകദേശം ആറായിരത്തോളംപേർ വന്നുപോകുന്ന

ആശുപത്രിയുടെ ശുചീകരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഫണ്ടുകളുപയോഗിച്ച് അത്യാധുനിക ശുചീകരണ മെഷീനുകളായ ബാറ്ററി ഓപ്പറേറ്റഡ് ഫ്ലോർ സ്ക്രബർ ഡ്രയർ മെഷീനുകൾ, ബാറ്ററി ഓപ്പറേറ്റഡ് സ്വീപ്പിംഗ് മെഷീൻ, ജെറ്റ് പമ്പ്, വിവിധതരം വാക്വം ക്ലീനറുകൾ, മിനി ഫ്ലോർ ക്ലീനിംഗ് മെഷീനുകൾ, സാനിറ്ററി പാഡ് ഡിസ്പോസിംഗ് മെഷീനുകൾ തുടങ്ങി അൻപത് ലക്ഷത്തോളം വിലവരുന്ന ഉപകരണങ്ങൾ ഈ സർക്കാരിന്റെ ആദ്യവർഷംതന്നെ അവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ആധുനിക ശുചീകരണ മെഷീനുകളുടെ സഹായത്തോടെ ഹൗസ് കീപ്പിംഗ് വിഭാഗം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡുകൾ, വരാന്തകൾ, ഹാളുകൾ, വിവിധ ഓഫീസുകൾ എന്നിവ ശുചീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയകാര്യം ഒന്നുകൂടി വിശദമായി പരിശോധിച്ചുകൊണ്ട് രോഗീസൗഹൃദമാകുന്ന, ജനസൗഹൃദമാകുന്ന അന്തരീക്ഷം അവിടെ ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കാം. ക്ലീനിംഗ് സപ്പോർട്ടിംഗ് സ്റ്റാഫുകളായി കുടുംബശ്രീ മുഖേന 100 തൊഴിലാളികളെ പ്രത്യേക സേവനത്തിനായി അവിടെ നിയോഗിച്ചിട്ടുണ്ട്. പകർച്ചവ്യാധി തടയുന്നതിന്റെ ഭാഗമായി കൊതുകുനശീകരണവും

കാര്യക്ഷമമായി നടക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം പരിസരത്തെ കൊതുകുനശീകരണത്തിനായി ഫോഗിംഗും കുത്താടി നശീകരണത്തിനായി ആഴ്ചയിൽ രണ്ടു ദിവസം labsides spray-യും വാർഡുകളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഫ്യൂമിഗേഷനും നടത്തിവരുന്നുണ്ട്.

ആശുപത്രി മാലിന്യങ്ങളായ ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉത്ഭവ കേന്ദ്രത്തിൽവച്ചുതന്നെ തരംതിരിച്ച് ബാഗുകളിൽ ടാഗ് ചെയ്തുവയ്ക്കുന്നു. ഇവ ഹൗസ് കീപ്പിംഗ് ജീവനക്കാർ ശേഖരിച്ച് അതാത് ദിവസംതന്നെ താൽക്കാലിക സംഭരണ കേന്ദ്രത്തിലെത്തിക്കുകയും മേൽ സ്ഥലത്തുനിന്നും എല്ലാ ദിവസവും സ്ഥാപനവുമായി കരാർ ഒപ്പുവച്ചിരിക്കുന്ന കെൽ എന്ന ഏജൻസി മുഖേന ഇതിന്റെ നിർമ്മാർജ്ജനം നടത്തിവരികയും ചെയ്യുന്നുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചത് 2016 ജൂലൈ മാസത്തിലാണ്. കൂടാതെ ഒരു ട്രോമാകെയർ ബ്ലോക്കിനുള്ള ഭരണാനുമതി 2013-ൽ ലഭിച്ചു, അതിന്റെ റിവൈസ്ഡ് റേറ്റ്സ് 2015-ലാണ് സമർപ്പിച്ചത്. ഇത്രയും വർഷങ്ങളായിട്ടും ഈ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ, പ്രത്യേക യോഗങ്ങൾ തുടർച്ചയായി

വിളിച്ചുകൊണ്ട് അവിടെയുള്ള നിർമ്മാണ ജോലികൾ പൂർത്തിയാകാൻ പോകുന്നുവെന്ന് ഉറപ്പാക്കാക്കുകയാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ പൂർണ്ണമായിട്ടുണ്ട്. ഇപ്പോൾ എക്യുപ്മെന്റ്സ് കെ.എം.എസ്.സി.എൽ. മുഖാന്തരമാണ് പ്രൊക്യൂർ ചെയ്യുന്നത്. സെപ്റ്റംബർ മാസത്തോടെ എക്യൂപ്മെന്റ്സ് സാധ്യമാക്കി ഹാന്റോവർ ചെയ്യാമെന്നാണ് അറിയിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ സെപ്റ്റംബർ മാസത്തിൽത്തന്നെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അതോടൊപ്പംതന്നെ ട്രോമാകെയർ ബ്ലോക്ക്, കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ്, ഗൈനക്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം ഉടൻ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ഞങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്ന് പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ അവലോകനവും നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ തീരദേശ മേഖലയിലെ ജനങ്ങൾ ആശ്രയിക്കുന്ന ഒരു മെഡിക്കൽ കോളേജായതുകൊണ്ടുതന്നെ ഇനിയും മുന്നോട്ടുപോകാനുണ്ട്, ഇതോടെ പൂർണ്ണമായിട്ടുണ്ടെന്നല്ല. പക്ഷെ

അനുദിനമെന്നവണ്ണം അവിടെ നടക്കുന്ന പ്രവൃത്തികൾ വിശകലനം നടത്തി ഇടപെടലുകൾ നടത്തുന്നുണ്ട്. കൂടാതെ അവിടെയൊരു പ്ലാസ്റ്റിക് സർജറി വിഭാഗം തുടങ്ങുന്നകാര്യം ആലോചനയിലാണ്. ഈ രീതിയിൽ അക്കാദമിക്കായിട്ടും അതോടൊപ്പം ചികിത്സാപരമായ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചെറിയൊരു ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്. അവിടെ അത്യാവശ്യം അടിയന്തരമായി വേണ്ട കാർഡിയോളജി, മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലേയ്ക്കുള്ള സ്റ്റാഫുകളുടെ അഭാവം പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? അവിടെ ഒരു സൂപ്രണ്ട് ഉണ്ടെന്നാണ് അങ്ങ് പറഞ്ഞത്, എന്നാൽ അദ്ദേഹമിപ്പോൾ രാജിക്കത്ത് നൽകിയിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അദ്ദേഹം അവിടെ ജോലി ചെയ്യാൻ തയ്യാറല്ല, അവിടെ കഴിഞ്ഞ ഒരുവർഷത്തിനിടയിൽ ചുമതലയേൽക്കുന്ന മൂന്നാമത്തെ സൂപ്രണ്ടാണ് ഇദ്ദേഹം. ആദ്യത്തെ സൂപ്രണ്ട് മാറിപ്പോയി, അതുകഴിഞ്ഞ് മറ്റൊരു സൂപ്രണ്ടിന് ചാർജ്ജ് കൊടുത്തപ്പോൾ അദ്ദേഹവും പറഞ്ഞത് അവിടെ ഡ്യൂട്ടി

ചെയ്യാൻ താൽപ്പര്യമില്ലെന്ന് പറഞ്ഞു. പുതിയതായി ചുമതലയേറ്റ സൂപ്രണ്ടിനും അവിടെ ജോലി ചെയ്യാൻ താല്പര്യമില്ലെന്നുള്ള വാർത്ത ഇന്നലത്തെ പത്രങ്ങളിലുണ്ടായിരുന്നു. അവിടെ വളരെ കുത്തഴിഞ്ഞ നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നതല്ല, ആ നാട്ടിലെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യം അതായിരുന്നു. ശ്രീ. സജി ചെറിയാന് കുഴപ്പമില്ല, കാരണം ചെങ്ങന്നൂരിൽ ഇപ്പോൾ വലിയൊരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്വകാര്യ മേഖലയിൽ തുടങ്ങിയിട്ടുണ്ട്, ഞങ്ങളെപ്പോലെയുള്ള ആളുകൾക്കാണ് പ്രയാസം. നല്ലൊരു ശതമാനം രോഗികൾ ആ ആശുപത്രിയെ ആശ്രയിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോയെന്നാണ് അറിയേണ്ടത്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, പൊതുവെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കഴിഞ്ഞ നാലുവർഷത്തെ ചരിത്രത്തിനിടയിലെ ഏറ്റവും ഉയർന്ന ഒ.പി.-യും ഐ.പി.-യുമാണുള്ളത്. അഡ്മിഷൻ നടത്തേണ്ടിവരുമ്പോൾ, വാർഡുകളിലുള്ള ബെഡ്

സ്റ്റേംങ്ത്തിനെക്കാളധികം രോഗികൾ അവിടെയെത്തുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട്, നമ്മുടെ അടിസ്ഥാന സൗകര്യങ്ങളിലുള്ള മികവും ചികിത്സയിലുള്ള മികവുംകൊണ്ടാണ് ആളുകളെത്തുന്നതെന്നുകൂടി കാണണം. എന്നാൽ രോഗികളുടെ എണ്ണംകൂടി കണക്കിലെടുത്തുകൊണ്ട് അധികമായി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് ആരോഗ്യവകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലുൾപ്പെടെ അനിവാര്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സൂപ്രണ്ടുമായി ബന്ധപ്പെട്ട കാര്യം, അദ്ദേഹം ഔദ്യോഗികമായി അവിടെ തുടരാൻ കഴിയില്ലെന്ന കാര്യം അറിയിച്ചിട്ടില്ല. അദ്ദേഹം മീറ്റിംഗുകളുൾപ്പെടെയുള്ള കാര്യങ്ങളിൽ പങ്കെടുത്തുകൊണ്ട് ആശുപത്രിയുടെ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുന്നുവെന്നാണ് മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാം.